# വിവാഹത്തിൽ നമ്മുടെ പങ്കാളികളെ അവർ ആയിരിക്കുന്നതുപോലെ അംഗീകരിക്കുക.

സാക് പുന്നൻ

WFTW 09 ഫെബ്രുവരി 2014

പാപം കടന്നു വരുന്നതിന് മുൻപ് 'ആദവും ഹവ്വയും' നഗ്നരായിരുന്നു അവർക്ക് നാണം തോന്നിയില്ലതാനും' അവർ അന്യോന്യം തുറക്കപ്പെട്ടവരും, വിശ്വസ്തരും ആയിരുന്നു. അവർക്ക് മറയ്ക്കുവാൻ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ പാപം ചെയ്തു കഴിഞ്ഞപ്പോൾ കാര്യങ്ങൾക്ക് മാറ്റം ഉണ്ടായി. പെട്ടെന്ന് തന്നെ അവർ അത്തിയില കൊണ്ട് തങ്ങളെതന്നെ മറച്ചു. എന്തിനാണവർ അങ്ങനെ ചെയ്തത്? അവിടെ ഒളിഞ്ഞു നോട്ടക്കാർ ആരും ആ തോട്ടത്തിൽ ഉണ്ടായിരുന്നില്ല. അവർ തീർച്ചയായും തങ്ങളെ തന്നെ മറച്ചത് മൃഗങ്ങളിൽ നിന്നും ആയിരുന്നില്ല. പിന്നെ എന്തുകൊണ്ട് അവർ തങ്ങളെ തന്നെ അത്തിയിലകൊണ്ട് മറയ്ക്കേണ്ടി വന്നു.? അവർ അന്യോന്യം തങ്ങളെ തന്നെ മറയ്ക്കുകയായിരുന്നു.

പാപത്തിന്റെ പരിണതഫലങ്ങളിൽ ഒന്ന് നാം പരസ്പരം മറ്റൊരാളിൽ നിന്ന് മറയ്ക്കുന്നു. എല്ലാ ആളുകളും തങ്ങളുടെ വ്യക്തിത്വത്തിൽ വിരൂപമാണെന്ന് തങ്ങൾക്കു തോന്നുന്ന ഭാഗങ്ങൾ മറയ്ക്കുന്നു. അവരെക്കുറിച്ചുള്ള ആ വിശദാംശങ്ങൾ മറ്റുള്ളവർ അറിഞ്ഞാൽ അവർ ലജ്ജിതരാകും. അതുകൊണ്ട് അവർ മുഖംമൂടികൾ ധരിക്കുന്നു. അന്തർഭാഗത്ത് എല്ലായ്പോഴും ദുഃഖാർത്തരും, പരാജിതരും ആയിരിക്കുമ്പോൾ തന്നെ തങ്ങൾ സ്വസ്ഥരും, പ്രശാന്തരും, സന്തോഷമുള്ളവരുമാണെന്ന ഒരു മുഖഭാവം പ്രദർശിപ്പിക്കുന്നു.തങ്ങളെ പൂർണ്ണമായി അറിഞ്ഞിട്ട് തങ്ങളെ സ്നേഹിക്കുന്ന ആരെയെങ്കിലും കണ്ടെത്താനുള്ള ഒരാഗ്രഹം എല്ലാവരുടേയും ഉള്ളിലുണ്ട്. നമ്മൾ മുഖംമൂടി ധരിക്കാ നുള്ള കാരണം നമുക്ക് മറ്റുള്ളവരിൽ നിന്ന് മോശമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതാണ്. നമ്മെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ആളുകൾ അറിഞ്ഞാൽ അവർ നമ്മെ അംഗീകരിക്കുകയില്ലെന്ന് നമുക്കറിയാം. അതുകൊണ്ട് മനുഷ്യരുടെ മുമ്പിൽ, അവർ നമ്മെ അംഗീകരിക്കത്തക്കവിധം ഒരു മുഖഭാവം പ്രദർശിപ്പിക്കുന്നു. ഇത് ക്രിസ്ത്യാനികളുടെ ഇടയിലും സത്യമാണ്. യേശു ഭൂമിയിലായിരുന്നപ്പോൾ ധാരാളം മതഭക്തരായ ആളുകൾ മുഖംമൂടി ധരിച്ചിരിക്കുന്നതായി കണ്ടെത്തി അതുകൊണ്ടാണ് അവിടുത്തേക്ക് അവരെ സഹായിക്കാൻ കഴിയാതിരുന്നത്.

ദൈവത്തെ സംബന്ധിച്ച ഏറ്റവും അത്ഭുതകരമായ കാര്യം അവിടുന്നു നമ്മളെ എല്ലാവരെയും നാം ആയിരിക്കുന്നതുപോലെ അംഗീകരിക്കുന്നു എന്നതാണ്. ദൈവം നിങ്ങളെ അംഗീകരിക്കുന്നതിനുമുമ്പ് നിങ്ങൾ മെച്ചപ്പെടണമെന്ന് പഠിപ്പിക്കുന്ന മതം, ഒരു വ്യാജമതമാണ്. അങ്ങനെയുള്ള ഒരു മതവുമായിട്ടല്ല യേശു വന്നത്. അവിടുന്നു വന്നത് നാം ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന സന്ദേശവുമായാണ്. നമ്മെ, നമുക്കു തന്നെ മാറ്റാൻ കഴിയില്ലെന്നു ദൈവത്തിനറിയാം. അതുകൊണ്ട് ദൈവം നമ്മെ നാം ആയിരിക്കുന്നതുപോലെ സ്വീകരിക്കുകയും അവിടുന്നു തന്നെ നമ്മെ വ്യത്യാസപ്പെടുത്തുകയും ചെയ്യുന്നു.

കുറച്ചു നാളുകൾക്ക് മുമ്പ് ഈ വിഷയം പ്രതിപാദിപ്പിക്കപ്പെട്ട ഒരു ലേഖനം ഞാൻ വായിച്ചു. ലേഖകന്റെ പേര് ഞാൻ ഓർക്കുന്നില്ല. ആ ലേഖനം പറഞ്ഞത്.

' നാം എല്ലാവരും ഒരു ' ഒളിച്ചുകളി' കളിച്ചു കൊണ്ടാണ് ജീവിതത്തിലൂടെ കടന്നുപോകുന്നത്. നാം എന്തായിരിക്കുന്നു എന്നതിൽ നാം ലജ്ജിതരായതിനാൽ നാം അന്യോന്യം മറയ്ക്കുന്നു. മറ്റുള്ളവർ നമ്മുടെ അകത്തു ജീവിക്കുന്ന യഥാർത്ഥ വ്യക്തിയെ കാണാതിരിക്കേണ്ടതിനാണ് നാം മുഖം മൂടി ധരിക്കുന്നത്. നാം അന്യോന്യം നമ്മുടെ മുഖം മൂടിയിലൂടെ നോക്കുകയും അതിനെ ' കൂട്ടായ്മ' എന്നു വിളിക്കുകയും ചെയ്യുന്നു. നാം ആളുകൾക്കു നൽകുന്ന മതിപ്പ്, നമ്മൾ സുരക്ഷിതരും, അസ്വസ്ഥമാകാത്തവരും ആണെന്നാണ്, എന്നാൽ അതൊരു മുഖംമൂടി മാത്രമാണ്. ആ മുഖം മൂടിക്കകത്ത് നാം കുഴഞ്ഞവരും, ഭയപ്പെട്ടവരും, ഏകാകിയും ആണ്. മറ്റുള്ളവർ നമ്മിലൂടെ അത് അറിയുമോ എന്നു നാം ഭയപ്പെടുന്നു. നമ്മുടെ ഉള്ളിലുള്ള യഥാർത്ഥ വ്യക്തിയെ കണ്ടാൽ അവർ നമ്മെ തള്ളിക്കളയുകയും ചിലപ്പോൾ കളിയാക്കുകയും അവരുടെ കളിയാക്കൽ നമ്മെ കൊല്ലുകയും ചെയ്യും എന്നു നാം ഭയപ്പെടുന്നു. അതുകൊണ്ട് നാം 'അഭിനയിക്കുന്ന കളി' കളിക്കുന്നു

ധൈര്യമുള്ളവരും, ഉറപ്പുള്ളവരും എന്ന് പുറമേ കാണപ്പെടുന്നു എന്നാൽ അകമെ ഈ സമയങ്ങളിലെല്ലാം ഒരു ശിശുവിനെപോലെ പേടിച്ചു വിറയ്ക്കുന്നവരാണ്. നമ്മുടെ മുഴുവൻ ജീവിതവും ഒരു സമരമുഖമായി മാറുന്നു. നമ്മെക്കുറിച്ചുള്ള അപ്രധാനമായ കാര്യങ്ങൾ എല്ലാം മറ്റുള്ളവരോട് സംസാരിക്കുകയും തമാശപറയുകയും ചെയ്യുന്നു, നമ്മുടെ ഉള്ളിൽ കരഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒന്നും പറയാതിരിക്കുകയും ചെയ്യുന്നു.'

നാം മറ്റുള്ളവരാൽ അംഗീകരിക്കപ്പെടുവാനും, മനസ്സിലാക്കപ്പെടുവാനും ആഗ്രഹിക്കുന്നു എന്നാൽ പരിചയത്തിൽ നാം കണ്ടിട്ടുള്ളത് നാം നമ്മുടെ യഥാർത്ഥ സ്വയം മറ്റുള്ളവർക്കു തുറന്നു കാണിച്ചിട്ടുള്ളപ്പോഴെല്ലാം അവർ നമ്മെ തള്ളിക്കളഞ്ഞു. നമ്മെ കുറിച്ചുള്ള എല്ലാകാര്യങ്ങളും അറിയുമ്പോളും നമ്മെ അംഗീകരിക്കുന്ന ചിലരെ നാം അന്വേഷിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അങ്ങനെ ഒരു വ്യക്തിയെ നാം ഒരിക്കലും കണ്ടെത്തുന്നില്ല. വീണ്ടും ജനിച്ച ക്രിസ്ത്യാനികൾ സ്നേഹത്തെക്കുറിച്ചു സംസാരിക്കുന്നതായി നാം കേൾക്കുന്നു, അവർ നമ്മെ അംഗീകരിച്ചേക്കാമെന്ന പ്രത്യാശ നമ്മുടെ ഹൃദയങ്ങളിൽ ഉയരുന്നു. എന്നാൽ നാം അവരോട് ചേരുമ്പോൽ, നാം പെട്ടെന്നു തന്നെ കണ്ടുപിടിക്കും, അവരും മുഖംമൂടി ധരിച്ചിരിക്കുന്നു എന്നും അവർ നമ്മളിൽ കുറ്റം കണ്ടുപിടിക്കുക മാത്രമേ ചെയ്യുകയുള്ളൂഎന്നും.' 'ഇതിനുള്ള പ്രതിവിധി എന്താണ്? നാം നമ്മെതന്നെ നാം ആയിരിക്കുന്നതുപോലെ തന്നെ ദൈവത്താൽ അംഗീകരിക്കപ്പെട്ടവരും, സ് നേഹിക്കപ്പെട്ടവരുമാണെന്ന് കാണേണ്ട ആവശ്യമുണ്ട്. ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നത് നമ്മെ ധൈര്യമുള്ളവരാക്കും. പിന്നാടൊരിക്കലും അഭിനയിക്കേണ്ട ആവശ്യം ഇല്ല. നാം അപ്പോൾ ദൈവത്തോടും മനുഷ്യരോടും 'നമ്മൾതന്നെ' ആയിരിക്കും. ദൈവസ്നേഹം ഒരിക്കലും ഒരു കാര്യവും ചെയ്യാൻ നമ്മിൽ ബലം പ്രയോഗിക്കുന്നില്ല. ദൈവം നമ്മുടെ എല്ലാ അപൂർണ്ണതകളും തിരിച്ചറിയുകയും അപ്പോഴും കുറ്റം വിധിക്കാതെ നമ്മെ അംഗീകരിക്കുകയും ചെയ്യുന്നു. മറിച്ച് അവിടുന്ന് നമ്മെ പൂർണ്ണരാക്കാനാണ ആഗ്രഹിക്കുന്നത്. അവൻ നമ്മിൽ കാണുന്നതും നമ്മെക്കുറിച്ചറിയുന്നതുമായ എല്ലാകാര്യങ്ങളും കൂട്ടാക്കാതെ ദൈവത്താൽ നാം അംഗീകരിക്കപ്പെടുന്നു എന്നറിയുന്നത് ആണ് ഒരു സന്തോഷകരമായ ക്രിസ്തീയ ജീവിതത്തിന്റെ വേർ. യേശു നൽകുവാൻ വന്ന സമൃദ്ധിയായ ജീവൻ ഇതാണ്.

' ദൈവത്തിന്റെ സ്നേഹം അറിയുന്നത്, മനുഷ്യന്റെ അംഗീകാരം അന്വേഷിക്കുന്ന കാര്യത്തിന് സ്ഥിരമായ ഒരു അന്തം കൊണ്ടു വരികയും ചെയ്യും. നമ്മുടെ കുറ്റബോധം മാറിപ്പോകും, നമ്മുടെ ഭയവും ദൂരെ മാറ്റപ്പെടും. നാം ചില സമയങ്ങളിൽ തനിയെ ആയിരിക്കും. എന്നാൽ ഒരിക്കലും നമ്മെ വിട്ടപോകുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്.'

'നിന്റെ ദയയും, ശാന്തതയും, നിന്റെ ജീവിത പങ്കാളിയുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള ശ്രമമവും അതിനുള്ള കരുതൽ നിനക്കുണ്ട് എന്ന വസ്തുതയും എല്ലാം നിങ്ങളുടെ പങ്കാളിക്ക് ചിറക് മുളയ്ക്കാൻ ഇടയാക്കും. ആരംഭത്തിൽ ചെറിയതും ബലമില്ലാത്തതുമായ ചിറകുകൾ ആയിരിക്കും, എങ്കിലും ചിറകുകൾ ഉണ്ടാകും. നീ വിട്ടുകളായിരുന്നാൽ, ഒരുനാൾ നിങ്ങൾ രണ്ടുപേരും കൂടി ആകാശത്തിലേയ്ക്ക് കഴുകനെപ്പോലെ പറന്നുയരത്തക്കവിധം ആ ചിറകുകൾ വളരും  ദൈവം നിങ്ങളെക്കുറിച്ച് ഉദ്ദേശിച്ചവിധത്തിൽ'. നമ്മുടെ ജീവിത പങ്കാളിയുടെ ഉള്ളിൽ നിന്ന് നിലവിളിക്കുന്ന ഒരു കാര്യം ഉണ്ട്  അംഗീകരിക്കപ്പെടാനുള്ള ആഗ്രഹം. നാം ഒരു ശ്രദ്ധിക്കുന്ന ചെവി കൊടുക്കുന്നു എന്നത് വളരെ പ്രധാന്യമുള്ള കാര്യമാണ്.  നമ്മുടെ പങ്കാളി പറയുന്ന വാക്കുകൾക്കു മാത്രമല്ല, പറയാതെ അവശേഷിക്കുന്ന വാക്കുകൾകൂടി  ഒരിക്കലും സംസാരിക്കപ്പെടാത്ത, ഹൃദയത്തിലെ നിശബ്ദതകൾക്ക്  ദൈവം പോലും നമ്മെ നാം ആയിരിക്കുന്നതുപോലെ അഗീകരിക്കുന്നു എന്നത് നാം വിശ്വസിക്കുന്നില്ല എന്നതാണ് വലിയ ദുരന്തം. അതുകൊണ്ട് ദൈവത്തിൽനിന്നു കൂടെ നാം ഒളിക്കുന്നു. അതാണ് ആദവും ഹവ്വയും ചെയ്തത്, ദൈവത്തിൽ നിന്ന് ഒളിക്കാൻ ശ്രമിക്കുന്നതിന് ഒരു മരത്തിന്റെ പിന്നിലേയ്ക്ക് ഓടി.

അധികം ഭർത്താക്കാർക്കും ഭാര്യമാർക്കും അന്യോന്യം സ്നേഹിക്കാൻ കഴിയാത്തതിന്റെ കാരണം അവർ തന്നെ ദൈവത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതിലുള്ള സന്തോഷം കണ്ടെത്തിയിട്ടില്ല എന്നതാണ്. അവർക്ക് മതം ലഭിച്ചിട്ടുണ്ട് എന്നാൽ ക്രിസ്തുവിനെ ലഭിച്ചിട്ടില്ല. പിശാചിന്റെ ഏറ്റവും സമർത്ഥമായ പ്രവർത്തനശൈലികളിൽ ഒന്ന്, ആളുകൾക്ക് ക്രിസ്തുവിനെ കൂടാതെയുള്ള ശൂന്യമായ ഒരു പുറം തോട് നൽകികൊണ്ടിരിക്കുന്നതാണ്  അത് ആളുകളെ ദുഃഖാർത്തരാക്കുന്നു. വലിയ കൂട്ടം ആളുകൾ അങ്ങനെയുള്ള

മതത്തിൽ നിന്ന് മാറിപ്പോകുന്നു. അത് സത്യ ക്രിസ്ത്യാനിത്വമല്ല. സത്യക്രിസ്ത്യാനിത്വം എന്നാൽ ക്രിസ്തു തന്നെയാണ്.

യേശു ക്രിസ്തു കേന്ദ്രമായിട്ടുള്ള എല്ലാ ഭവനങ്ങളും സമാധാനമുള്ള ഭവനങ്ങൾ ആയിരിക്കും. അത് ഭാര്യഭർത്താക്കാർ പരസ്പരം അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഭവനമായിരിക്കും കാരണം ദൈവം അവരെ രണ്ടുപേരെയും അംഗീകരിച്ചിരിക്കുന്നു എന്ന സത്യത്തിൽ അവർ സുരക്ഷിതരും നിശ്ചയമുള്ളവരുമാണ്. ഇങ്ങനെയുള്ള ഭവനമാണ് നാം പണിയേണ്ടത്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)